**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2449** — **19.06.2013** ൽ മറുപടിക്ക്

**<u>ജലസ്രോതസ്സുകളുടെ സംരക്ഷണം</u>**

| | ചോദ്യം<br>**ശ്രീ.പി.തിലോത്തമൻ**<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**ശ്രീമതി. ഇ.എസ്.ബിജിമോൾ**<br>**ശ്രീമതി.ഗീതാ ഗോപി.** | | മറുപടി<br>**ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവവകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സംരക്ഷിക്കപ്പെടേണ്ട ജലസ്രോതസ്സുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ കൈവശമുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | കുളങ്ങൾ, കായലുകൾ മറ്റ് തണ്ണീർത്തടങ്ങൾ, നദികൾ, തോടുകൾ, നീരുറവകൾ എന്നിവ സംരക്ഷിക്കപ്പെടേണ്ട ജലസ്രോതസ്സുകളാണ്. അഷ്ടമുടി , ശാസ്താംകോട്ട വേമ്പനാട്ട് കോൾ തണ്ണീർത്തടം, കോഴിക്കോട്ടുള്ള കോട്ടൂളി, കടലുണ്ടി തണ്ണീർത്തടങ്ങൾ എന്നിവ ദേശീയപ്രാധാന്യമുള്ള തണ്ണീർത്തടങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. കുളങ്ങളെ സംബന്ധിച്ച പ്രാഥമിക വിവരശേഖരണം നടത്തി പട്ടിക തയ്യാറാക്കിയിട്ടുണ്ട്. നദികളെ സംബന്ധിച്ച വിവരം 'വാട്ടർ റിസോഴ്സസ് ഓഫ് കേരള' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>ഐക്യരാഷ്ട്രസഭ 2013-ാം വർഷം അന്താരാഷ്ട്ര ജല സഹകരണ വർഷമായി ആചരിക്കുന്ന അവസരത്തിൽ കുളങ്ങളുടെ സംരക്ഷണം, നദീ സംരക്ഷണം, കായലുകൾക്കായി പുതിയ പദ്ധതികൾ എന്നിവ ഉണ്ടാക്കുന്നതിനും അവയുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനും. ബന്ധപ്പെട്ട മന്ത്രിമാർ ഉപാദ്ധ്യക്ഷന്മാരും, ഗവൺമെന്റ് സെക്രട്ടറിമാർ, സ്ഥാപന മേധാവികൾ, ഇക്കാര്യങ്ങളിൽ സംഭാവന ചെയ്യാൻ |

| | | | |
|---|---|---|---|
| | | | കഴിയുന്ന പ്രഗത്ഭ വ്യക്തികൾ എന്നിവരെ ഉൾപ്പെടുത്തി 02/05/2013 ലെ സ.ഉ.(സാധാ).നം.78/13/പരി നമ്പർ ഉത്തരവ് പ്രകാരം ഒരു സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | അഷ്ടമുടി, ശാസ്താംകോട്ട കോട്ടൂളി തണ്ണീർത്തടങ്ങളുടെ സംരക്ഷണാർത്ഥം സി.ഡബ്ല്യൂ.ആർ.ഡി.എം മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ജലസ്രോതസ്സുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് കുളങ്ങളുടെ സ്ഥായിയായ സംരക്ഷണത്തിനുള്ള പ്രവൃത്തികൾ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ, നദീസംരക്ഷണ പ്രവൃത്തികൾ, ഭൂജലപരിപോഷണത്തിനായി ചെക്ക് ഡാമുകളുടെ നിർമ്മാണം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (സി) | ഇത്തരം ജലസ്രോതസ്സുകൾ മലിനപ്പെടാതെ സൂക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി മലിനീകരണ നിയന്ത്രണപ്രവർ-ത്തനങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് വരുന്നു. പമ്പാ ആക്ഷൻ പ്ലാനിൽ (ഒന്നാം ഘട്ടം) ഉൾപ്പെടുത്തിയിരുന്ന പമ്പാ നദി മലിനീകരണ നിയന്ത്രണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് കേരള സംസ്ഥാന മലീനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായങ്ങൾ, ഉത്തുംഗകെട്ടിടങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് പാഴ്ജല സംസ്ക്കരണ പ്ലാന്റ് മലിനീകരണ നിയന്ത്രണബോർഡ് നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ